ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയും മന്ത്രിസഭാ അംഗങ്ങളും നാളെ സത്യപ്രതിജ്ഞ ചെയ്യും. സത്യപ്രതിജ്ഞാ ചടങ്ങിനുള്ള ഒരുക്കങ്ങൾ രാജ്യതലസ്ഥാനത്ത് ഊർജിതമായി പുരോഗമിക്കുന്നു.
   **PM-designate Narendra Modi and cabinet members will take oath tomorrow. Preparations for the swearing-in ceremony are in full swing in the national capital.**

2. രാഹുൽ ഗാന്ധി ലോക്സഭാ പ്രതിപക്ഷ നേതാവാകണമെന്നാവശ്യപ്പെട്ട് പ്രമേയം പാസാക്കി കോൺഗ്രസ് പ്രവർത്തക സമിതി യോഗം.
   **The Congress Working Committee (CWC) has unanimously passed a resolution requesting Rahul Gandhi to assume the role of Leader of the Opposition in the Lok Sabha**

3. നീറ്റ് പരീക്ഷാ നടത്തിപ്പ് സുതാര്യമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി; പരാതി സംബന്ധിച്ച നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതി വിലയിരുത്തും.
   **The National Testing Agency, has said that the process of the NEET Exam has been very transparent; Proposals regarding complaints will be evaluated by the High powered Committee**

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും; നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിനാണ് സഭാ സമ്മേളനം.

The eleventh session of the fifteenth Kerala Legislative Assembly will begin on monday; The assembly is to pass the budget requests for the current financial year.

5. കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

The Central Meteorological Department has said that there is a chance of rain with thunder and lightning in Kerala for the next five days. Orange alert in Kannur Kasaragod districts tomorrow.

6. ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ നെതർലൻഡ്സ്-ദക്ഷിണാഫ്രിക്കയെയും രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയ – ഇംഗ്ലണ്ടിനെയും നേരിടും.

Two matches today in Twenty20 World Cup cricket. The Netherlands will face South Africa in the first match and Australia will face England in the second match.

&&&&&&&&&&&&&&&&&&

**HEAD LINE 1**

**REV. PM- SWEARING-IN CEREMONY ( With Voicecast) (INTRO)**

നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയും മറ്റ് മന്ത്രിസഭാ അംഗങ്ങളും നാളെ സത്യപ്രതിജ്ഞ ചെയ്യും. സത്യപ്രതിജ്ഞാ ചടങ്ങിനുള്ള ഒരുക്കങ്ങൾ രാജ്യതലസ്ഥാനത്ത് ഊർജിതമായി പുരോഗമിക്കുന്നു.

വിശദാംശങ്ങളിലേക്ക്......(ഹോൾഡ് വോയ്സ്)

**REV. PM- SWEARING-IN CEREMONY ( With Voicecast) (VO)**

നാളെ രാത്രി 7.15ന് രാഷ്ട്രപതി ഭവനിലാണ് സത്യപ്രതിജ്ഞാചടങ്ങുകൾ നടക്കുക. നരേന്ദ്രമോദിക്കും മറ്റ് നിയുക്ത കേന്ദ്ര മന്ത്രിമാർക്കും രാഷ്ട്രപതി ദ്രൗപതി മുർമ്മു സത്യവാചകം ചൊല്ലിക്കൊടുക്കും. ഇന്ത്യയുടെ അയൽരാജ്യങ്ങളിലെയും ഇന്ത്യൻ മഹാസമുദ്ര മേഖലയിൽപെട്ട മറ്റ് രാഷ്ട്രങ്ങളിലെയും രാജ്യതലവന്മാർ ഉൾപ്പെടെയുള്ള നേതാക്കൾ വിശിഷ്ടാതിഥികളായി പങ്കെടുക്കും. ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ,

മാലിദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡന്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ എന്നിവരും ചടങ്ങിൽ പങ്കെടുക്കും. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്നതിന് പുറമേ നാളെ വൈകിട്ട് രാഷ്ട്രപതി ഭവനിൽ പ്രസിഡന്റ് ദ്രൗപദി മുർമു സംഘടിപ്പിക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കുമെന്നും മന്ത്രാലയം അറിയിച്ചു. നരേന്ദ്രമോദി തുടർച്ചയായ മൂന്നാം തവണ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്ന ചടങ്ങിൽ പങ്കെടുക്കാനുള്ള നേതാക്കളുടെ സന്ദർശനം ഇന്ത്യയുടെ 'അയൽപക്കത്തിന് ആദ്യം' നയത്തിനും 'സാഗർ' കാഴ്ചപ്പാടിനും നൽകുന്ന ഏറ്റവും ഉയർന്ന പരിഗണനയായാണ് വിലയിരുത്തപ്പെടുന്നത്. ഇന്നലെയാണ് ശ്രീ നരേന്ദ്രമോദി രാഷ്ട്രപതിയെ കണ്ട് സർക്കാർ രൂപീകരണത്തിന് അവകാശവാദം ഉന്നയിച്ചത്. നേരത്തെ ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദയുടെ നേതൃത്വത്തിൽ രാഷ്ട്രപതിയെ കാണുകയും ബിജെപി പാർലമെന്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തതായി അറിയിക്കുകയും ചെയ്തിരുന്നു. എൻഡിഎ ഘടകകക്ഷികളുടെ പിന്തുണ അറിയിച്ചുള്ള കത്തും രാഷ്ട്രപതിക്ക് കൈമാറിയിരുന്നു. ശക്തവും സുസ്ഥിരവും വളർച്ചയിൽ ഊന്നിയുള്ളതുമായ വികസനമാണ് എൻഡിഎ ലക്ഷ്യമിടുന്നതെന്ന് രാഷ്ട്രപതി ഭവനു പുറത്ത് മാധ്യമങ്ങളെ അഭിസംബോധന ചെയ്യവേ ശ്രീ മോദി പറഞ്ഞു.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

&&&&&&&&&&&&&&&&&&

**<u>BANGLADESH PM ARRIVAL</u>**

മൂന്നാം നരേന്ദ്രമോദി മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ച്ചടങ്ങിൽ പങ്കെടുക്കുന്നതിനായി ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയും സെയ്ഷെൽസ് വൈസ് പ്രസിഡൻറ് അഹമ്മദ് അഫീഫും ന്യൂ ഡൽഹിയിലെത്തി. വിദേശകാര്യ സെക്രട്ടറി മുക്കേഷ് പർദേശി വിമാനത്താവളത്തിൽ സ്വീകരിച്ചു.

ലോകനേതാക്കളുടെ സന്ദർശനം രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുമെന്നു വിദേശകാര്യ ഔദ്യോഗികവക്താവ് രൺധീർ ജയ്സ്വാൾ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## HEAD LINE 2

## REV CWC- MEETING

രാഹുൽ ഗാന്ധി ലോക്സഭാ പ്രതിപക്ഷ നേതാവാകണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് പ്രവർത്തക സമിതി യോഗം. ഇതു സംബന്ധിച്ച പ്രമേയം യോഗം ഐകകണ്ഠ്യേന പാസാക്കി. ശ്രീ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ശക്തവും ജാഗ്രതയുമുള്ള പ്രതിപക്ഷമായി പ്രവർത്തിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നതായി കോൺഗ്രസ് നേതാവും നിയുക്ത എംപിയുമായ കെ സി വേണുഗോപാൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പ് കോൺഗ്രസ് പാർട്ടിക്ക് ഊർജം പകർന്നതായി തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച് സംസ്ഥാന തലത്തിൽ വിശകലനം നടത്തുമെന്നും മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശ് പറഞ്ഞു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, മുതിർന്ന നേതാക്കളായ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി, എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി, മറ്റ് നേതാക്കൾ തുടങ്ങിയവർ ന്യൂഡൽഹിയിൽ ചേർന്ന കോൺഗ്രസ് പ്രവർത്തക സമിതി യോഗത്തിൽ പങ്കെടുത്തു. തിരഞ്ഞെടുപ്പിൽ വിജയിച്ച എല്ലാ കോൺഗ്രസ് നേതാക്കൾക്കും ശ്രീ ഖർഗെ ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&&

## ODISHA-CM-SWEARING IN

മറ്റന്നാൾ നടക്കുന്ന ഒഡിഷ മന്ത്രിസഭയുടെ സത്യപ്രതിജ്ഞാചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.ഭുബനേശ്വറിലെ ജനതാ മൈതാനത്താണ് ചടങ്ങുകൾ നടക്കുക. എന്നാൽ മുഖ്യമന്ത്രി ആരാകുമെന്നതിൽ ബി ജെ പി അന്തിമതീരുമാനത്തിൽ എത്തിയിട്ടില്ല. മറ്റന്നാൾ രാവിലെ നടക്കുന്ന ബി ജെ പി നിയമസഭാ പാർട്ടി യോഗത്തിൽ

രണ്ടു കേന്ദ്ര നിരീക്ഷകരുടെ സാന്നിധ്യത്തിലാകും പാർട്ടി നേതാവിനെ ഔദ്യോഗികമായി തിരഞ്ഞെടുക്കുക.

&&&&&&&&&&&&&&&&&&&

## HEAD LINE 3

### NEET EXAM

നീറ്റ് പരീക്ഷ സുതാര്യമാണെന്നും പരീക്ഷാ നടത്തിപ്പിൽ വിട്ടുവീഴ്ച ചെയ്തിട്ടില്ലെന്നും നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഫലവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളെ കുറിച്ച് പരാതി പരിഹാര സമിതി സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ ഉന്നത അധികാര സമിതി വിലയിരുത്തുമെന്ന് എൻ.ടി.എ ഡയറക്ടർ ജനറൽ സുബോധ് കുമാർ സിംഗ് അറിയിച്ചു. പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്ന മറ്റു പരാതികളും സമിതി പരിശോധിക്കും. യുപിഎസ്സി മുൻ ചെയർമാൻ അധ്യക്ഷനായ സമിതി ഒരാഴ്ച കൊണ്ട് റിപ്പോർട്ട് നൽകും. നീറ്റ് പരീക്ഷയിൽ ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്നും , ചോദ്യപേപ്പർ തെറ്റായി വിതരണം ചെയ്തതിനെത്തുടർന്ന് സമയം നഷ്ടപ്പെട്ട 1600 ഉദ്യോഗാർത്ഥികളുമായും ആറു കേന്ദ്രങ്ങളുമായും ബന്ധപ്പെട്ടാണ് ആക്ഷേപമുള്ളതെന്നും ശ്രീ സുബോധ് കുമാർ സിംഗ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവേ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## HEAD LINE 4

### NIYAMA SABHA SAMMELANAM

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് സമ്മേളനത്തിൽ പ്രഥമപരിഗണന. ഈ മാസം 11 മുതൽ അടുത്ത മാസം 8 വരെ 13 ദിവസം ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസ്സാക്കും. 2024-ലെ കേരള പഞ്ചായത്ത് രാജ് രണ്ടാം ഭേദഗതി ബിൽ, കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബിൽ എന്നിവ സമ്മേളനത്തിൽ

അവതരിപ്പിക്കും. ആകെ 28 ദിവസമാണ് സഭാ സമ്മേളനം ചേരുന്നത്. നടപടിക്രമങ്ങൾ പൂർത്തികരിച്ച് ജൂലൈ 25-ാം തീയതി സമ്മേളനം അവസാനിപ്പിക്കുന്ന രീതിയിലാണ് നിലവിൽ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

**PATHANAMTHITTA (INTRO)**

പത്തനംതിട്ട ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം കൂടുന്നു. ജില്ലയിൽ പത്തനംതിട്ട നഗരസഭ ഉൾപ്പെടെ 15 ഹോട്ട്സ്പോട്ടുകളാണ് ഉള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ... (വോയ്സ്)**

&&&&&&&&&&&&&&&&&&

**SHIGELLA**

കൊല്ലം ജില്ലയിൽ കൊട്ടിയം പ്രദേശത്ത് ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. വീണ സരോജിന്റെയും മറ്റു ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. രോഗബാധയെ തുടർന്ന് ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി.

&&&&&&&&&&&&&&&&&&

**HEAD LINE 6**

**CRICKET**

ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ നെതർലൻഡ്സ്- ദക്ഷിണാഫ്രിക്കയെ നേരിടും. രാത്രി എട്ടിനാണ് മത്സരം. രണ്ടാം മത്സരം ഓസ്ട്രേലിയയും – ഇംഗ്ലണ്ടും തമ്മിൽ രാത്രി 10.30 ന്. ട്വന്റി-20 ലോകകപ്പിലെ ആവേശപ്പോരാട്ടമായ ഇന്ത്യ - പാകിസ്ഥാൻ മൽസരം നാളെ നടക്കും.

&&&&&&&&&&&&&&&&&&

**REV. FIH HOCKEY- PRO LEAGUE**

എഫ് ഐ എച് ഹോക്കി പ്രൊ ലീഗിൽ ഇന്ത്യയ്ക്കെതിരെ ജർമനിക്ക് ജയം.രണ്ടിനെതിരെ നാല് ഗോളുകൾക്കാണ് ജർമൻ വിജയം.രണ്ടു ഗോളുകൾക്ക് മുന്നിട്ടു നിന്ന് മികച്ച പ്രകടനം തുടരുന്നതിനിടെയാണ് ജർമ്മനി തിരിച്ചടിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE 5

## WEATHER – KERALA

കേരളത്തിൽ അടുത്ത 5 ദിവസം വ്യാപകമായി ഇടി മിന്നലോടും കാറ്റോടും കൂടിയ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തെക്കൻ മഹാരാഷ്ട്ര മുതൽ വടക്കൻ കേരള തീരത്തിന് സമീപം വരെ ന്യുന മർദ്ദ പാത്തി രൂപപ്പെട്ടതിൻറെ സ്വാധീനത്താലാണിത്. നാളെ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

## TROLLING NIRODANAM

നാളെ അർധരാത്രി മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ഇതരസംസ്ഥാന മത്സ്യബന്ധനയാനങ്ങളെല്ലാം തീരം വിട്ടുപോകണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. നീണ്ടകര പാലത്തിന് പടിഞ്ഞാറുവശം, തങ്കശ്ശേരി, അഴീക്കൽ തുറമുഖങ്ങളാണ് അടച്ചിടുന്നത്. ശക്തികുളങ്ങര, അഴിമുഖത്തും നിരോധനം ബാധകമാണ്. അതേസമയം നീണ്ടകര തുറമുഖത്ത്

ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളവ ഒഴികെയുള്ള പരമ്പരാഗത യാനങ്ങൾക്ക് പ്രവർത്തിക്കാൻ അനുമതിയുണ്ട്.

&&&&&&&&&&&&&&&&&&

## RAMOJI RAO DEATH

ഈനാട് ഗ്രൂപ്പിന്റെ സ്ഥാപകനും മാധ്യമ രംഗത്തെ പ്രമുഖനുമായ സി.എച്ച് റാമോജി റാവുവിൻറെ നിര്യാണത്തിൽ അനുശോചിച്ച് പ്രമുഖർ. റാമോജി റാവുവിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. ഏറെനാളായി ചികിത്സയിലായിരുന്ന അദ്ദേഹം ഇന്ന് രാവിലെ ഹൈദ്രാബാദിൽ വെച്ചാണ് അന്തരിച്ചത്. 87 വയസ്സായിരുന്നു. ഈനാട് ഗ്രൂപ്പ്, റാമോജി ഫിലിം സിറ്റി എന്നിവയുൾപ്പെടെ നിരവധി ബിസിനസ് സ്ഥാപനങ്ങളുടെ ഉടമകൂടിയായ ശ്രീ റാമോജി റാവുവിന് പത്മവിഭൂഷൺ നൽകി രാജ്യം ആദരിച്ചിട്ടുണ്ട്. സംസ്കാരം നാളെ രാവിലെ ഹൈദരാബാദിൽ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## PM-DENMARK

ഡെൻമാർക്ക് പ്രധാനമന്ത്രി മെറ്റേ ഫ്രെഡറിക്സണു നേരെയുണ്ടായ ആക്രണമത്തെ അപലപിച്ച് നിയുക്ത ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡെൻമാർക്ക് പ്രധാനമന്ത്രിക്കു നേരെയുണ്ടായ ആക്രമണത്തിൽ ആശങ്ക അറിയിച്ച ശ്രീ മോദി അവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു. വെള്ളിയാഴ്ച കോപ്പൻഹേഗനിൽ വച്ച് മെറ്റേ ഫ്രെഡറികസണു നേരെ ആക്രമണം ഉണ്ടായ പശ്ചാത്തലത്തിലാണ് ശ്രീ മേദിയുടെ പ്രസ്താവന.

&&&&&&&&&&&&&&&&&&

## DELHI POLICE DRONE BAN

നരേന്ദ്രമോദി സർക്കാരിൻറെ സത്യപ്രതിജ്ഞ ചടങ്ങിനോടനുബന്ധിച്ച് നാളെയും മറ്റന്നാളും ഡൽഹിയിൽ ഡ്രോൺ ഉപയോഗത്തിന് നിരോധനം ഏർപ്പെടുത്തി. പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാംഗ്

ഗ്ലൈഡറുകൾ, ആളില്ലാ വ്യോമ വാഹനങ്ങൾ, ഹോട്ട് എയർ ബലൂണുകൾ എന്നിവയുൾപ്പെടെയുള്ളവ ഉപയോഗിക്കുന്നതിനാണ് ഡൽഹി പോലീസ് നിരോധനം ഏർപ്പെടുത്തിയത്.

&&&&&&&&&&&&

&&&&&&&&&&

&&&&&&&&